**<u>പെഷവാറിലെ തീവ്രവാദ ആക്രമണത്തെ പ്രധാനമന്ത്രി അപലപിച്ചു</u>**

**സെപ്തംബര് 22, 2013**

പെഷവാറിലെ പള്ളിയില് ഇന്ന് നടന്ന ചാവേര് ആക്രമണം , തീവ്രവാദ തിന്മ ശക്തികള് നടത്തിയ ആഴത്തില് വേദനിപ്പിക്കുന്ന പ്രകടനം ആയിരുന്നു. ഒരു ആരാധനാലയത്തില് ആണ് ഈ ആക്രമണം നടന്നത് എന്നതും നിരപരാധികളായ ഭക്തരുടെ ജീവനെടുക്കപ്പെട്ടു എന്നതും ഈ വിവേകശൂന്യമായ ആക്രമ പ്രവര്ത്തനം കൂടുതല് ദയനീയമാക്കുന്നു. ഇത്തരം കിരാതമായ പ്രവര്ത്തനങ്ങള് എല്ലാ മതങ്ങളുടെയും സിദ്ധാന്തങ്ങള്ക്കു എതിരാണ് . പെഷവാറില് നടന്ന തീവ്രവാദ ആക്രമണത്തെ വളരെ ശക്തമായി തന്നെ ഇന്ത്യ അപലപിക്കുന്നു . ആക്രമണത്തില് കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളോടുള്ള ഞങ്ങളുടെ ആഴമുള്ള ദുഖം അറിയിച്ചു കൊള്ളുന്നു , പരിക്കേറ്റവര്ക്ക് എത്രയും പെട്ടെന്ന് സുഖമാകട്ടേ എന്നും ആശംസിക്കുന്നു.

**ന്യൂ ഡെല്ഹി**
**സെപ്തംബര് 22, 2013**